**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3262 03.04.2013 - ൽ മറുപടിയ്ക്ക്

## സാമൂഹ്യ സുരക്ഷാ മിഷൻ

ചോദ്യം

ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

ഉത്തരം

**ഡോ. എം.കെ. മുനീർ**
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യ സുരക്ഷാമിഷനിൽ നിന്നും ഇതുവരെ എത്ര പേർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | സാമൂഹ്യ സുരക്ഷാമിഷനിൽ നിന്നും ഇതുവരെ സഹായം നൽകിയ ഗുണഭോക്താക്കളുടെ എണ്ണം പദ്ധതി തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>1. ആശ്വാസകിരണം പദ്ധതി - 40147<br>2. സ്നേഹസാന്ത്വനം പദ്ധതി - 4009<br>3. എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം - 5084<br>4. സ്നേഹസ്പർശം പദ്ധതി - 866<br>5. സ്നേഹപൂർവ്വം പദ്ധതി - 1608<br>ആകെ 51714 |
| (ബി) | സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവർക്കാണ് ധനസഹായം നൽകുന്നതെന്ന് വിശദമാക്കുമോ ; | (ബി) | ശയ്യാവലംബരായവർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യം, 100% അന്ധത, പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ മാരകരോഗങ്ങൾ കാരണവും പൂർണ്ണസമയവും ദൈനംദിനകാര്യങ്ങൾക്കായി പരിചാരകന്റെ സഹായം ആവശ്യമുള്ളവർ, എൻഡോസൾഫാൻ ദുരിതബാധിതർ, ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരായവർ, മാതാപിതാക്കൾ മരിച്ചതോ/ മാതാപിതാക്കളിൽ ഒരാൾ മരിച്ചുപോവുകയും ജീവിച്ചിരിക്കുന്നയാൾക്ക് സാമ്പത്തിക ബുദ്ധിമുട്ട് മൂലം സ്വകുടുംബങ്ങളിൽ നിർത്തി സംരക്ഷിക്കാൻ കഴിയാത്ത സാഹചര്യങ്ങളിലുള്ള കുട്ടികൾ തുടങ്ങിയ വിവിധ വിഭാഗങ്ങളിൽപ്പെട്ടവർക്ക് വിവിധ പദ്ധതികൾ പ്രകാരം ധനസഹായം നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതിക്കായി ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്നും ഇത് ഏതെല്ലാം ജില്ലകൾക്കാണെന്നും വിശദമാക്കുമോ? | (സി) | ഇതുവരെ ചെലവഴിച്ച തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1. ആശ്വാസകിരണം (14 ജില്ലകൾക്കും) 32,05,59,225/-രൂപ<br><br>2. സ്നേഹസാന്ത്വനം പദ്ധതി-36,73,61,220/-രൂപ (കാസർഗോഡ് ജില്ല)<br><br>3. സ്നേഹസ്പർശം പദ്ധതി- 1,39,75,520/-രൂപ<br>(തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പാലക്കാട്, തൃശ്ശൂർ, കോട്ടയം, ഇടുക്കി, എറണാകുളം, കോഴിക്കോട്, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾ)<br><br>4. സ്നേഹപൂർവ്വം പദ്ധതി - 33,63,950/-രൂപ<br>(തൃശ്ശൂർ, എറണാകുളം, മലപ്പുറം കോഴിക്കോട് എന്നീ ജില്ലകൾ) |

R-Ujayal

സെക്ഷൻ ഓഫീസർ